# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കട്ടപ്പന ഗ്രാമപഞ്ചായത്ത്– ബസ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 2,00,00,000/- (രണ്ട് കോടി) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ്പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 1073/14/ തസ്വഭവ തിരുവനന്തപുരം, തീയതി: 03.05.2014.

==========================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2)കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 08.10.2013-ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി.ജനറൽ/2013 നമ്പർ കത്ത്.

3) കട്ടപ്പനഗ്രാമപഞ്ചായത്തിന്റെ 20.11.2013-ലെ 7-ാം നമ്പർ തീരുമാനം.

4) കട്ടപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.11.2013 -ലെ എ2 -10811/13 നമ്പർ കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 17/01/2014 -ലെ എഫ്3-1176/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കട്ടപ്പന ഗ്രാമപഞ്ചായത്തിൽ ബസ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് 2,00,00,000/- ( രണ്ട് കോടി) രൂപ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം കട്ടപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 2,00,00,000/- ( രണ്ട് കോടി) രൂപ അനുവദിക്കുന്നതിനുള്ള സമ്മതപത്രം പരാമർശം (2) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കട്ടപ്പന ഗ്രാമപഞ്ചായത്തിൽ ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കഞ്ഞിക്കുഴി വില്ലേജിൽ സർവ്വേ നമ്പർ 19/1-ൽ,( റീ സർവ്വേ നം.58/56 ) ഉൾപ്പെട്ട 0.7774 ഹെക്ടർ സ്ഥലം ജാമ്യമായി നൽകിക്കൊണ്ട് പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 2,00,00,000/- ( രണ്ട് കോടി) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കട്ടപ്പന ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി.വൽസല**
ഗവ.ജോയിൻറ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,കട്ടപ്പന ഗ്രാമപഞ്ചായത്ത്. ഇടുക്കി
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ